# ALL SAINTS' ECUMENICAL FELLOWSHIP CENTRE

# SANKETHABHAVAN

## പ്രാണപ്രിയന്റെ പ്രാണക്കുട്ടികൾ

സ്വയപരിശോധനപ്രയോഗ പ്രാർത്ഥനാസഹായി



ദൈവപുത്രനായ യേശുക്രിസ്തുവിന്റെ ആത്മീയ കല്യാണം:

''കുഞ്ഞാടിന്റെ കല്യാണം വന്നുവല്ലോ''

''കുഞ്ഞാടിന്റെ കല്യാണസദ്യക്ക് ക്ഷണിക്കപ്പെട്ടവർ ഭാഗ്യവാന്മാർ'' (വെളിപ്പാട് 19: 7, 9)

പേര് : ______________________ രജിസ്ററർ നമ്പർ: ______________

മേൽവിലാസം : ________________________________________

________________________________________

ഫോൺ നമ്പർ: ________________________

Copyright © 2005 John Haggerty
http://www.slimeland.com/

**ദൈവപുത്രനായ യേശുക്രിസ്തുവിന്റെ ആത്മീയ കല്യാണം:**
**''കുഞ്ഞാടിന്റെ കല്യാണം വന്നുവല്ലോ''**
**''കുഞ്ഞാടിന്റെ കല്യാണസദ്യക്ക് ക്ഷണിക്കപ്പെട്ടവർ ഭാഗ്യവാന്മാർ'' (വെളിപ്പാട് 19: 7, 9)**

## ഉള്ളടക്കം


| | |
|---|---|
| *ക്ഷണകത്ത്* | പേജ് 4 |
| *പ്രാണക്കുട്ടികൾക്ക് നിർവചനം* | പേജ് 5 |
| *പ്രാണക്കുട്ടികളുടെ ശോഭനഭാവിക്കായിട്ടുള്ള ഒരുക്കപ്രാർത്ഥന* | പേജ് 5 |
| സ്വയനിലവാരം | പേജ് 13 |
| മുടക്കികൾ | പേജ് 13 |
| താങ്ങികൾ | പേജ് 14 |
| ഉപതാങ്ങികൾ | പേജ് 14 |
| കാത്തിരിക്കേണ്ടസമയം | പേജ് 14 |
| പൊതുനിലവാരം | പേജ് 14 |
| പകരം കിട്ടിയത് | പേജ് 14 |
| വചനകേൾവി | ചോദ്യം : 1, 2, 3 |
| വചന പഠനം | ചോദ്യം : 4a, 4b, 4c, 5 |
| മിത്ഥ്യാബോധം | ചോദ്യം : 6a |
| കളകൾ | ചോദ്യം : 6b, 6c |
| *പ്രാണന്റെ വീണ്ടെടുപ്പ്* | ചോദ്യം : 7a, 7b, 7d |
| പ്രാണക്ഷയം | ചോദ്യം : 7c, 7e |
| *പ്രാകൃതമനുഷ്യൻ* | ചോദ്യം : 8, 9 |
| പരീശമനോഭാവം | ചോദ്യം : 10 |
| *ജഢീകമനുഷ്യൻ* | ചോദ്യം : 11 |
| ബാലിശസ്വഭാവം | ചോദ്യം : 12 |
| രക്ഷാപൂർത്തി | ചോദ്യം : 13a, 13b |
| കുടുംബത്തിന്റെ രക്ഷ | ചോദ്യം : 14a, 14b, 14c |
| പറുദീസായിലെ വിശുദ്ധന്മാർ | ചോദ്യം : 15a |
| ദുരാത്മക്കളുടെ ഒളിപ്പിടം | ചോദ്യം : 15b |
| ശാപബന്ധനങ്ങൾ | ചോദ്യം : 16 |
| ആത്മീയപ്രമേഹം | ചോദ്യം : 17 |
| ജഡബോധം | ചോദ്യം : 18a |
| ശാഠ്യവും മർക്കടമുഷ്ഠിയും | ചോദ്യം : 18b |
| വാക്കുകുടുക്കി | ചോദ്യം : 19 |
| ദുഷ്ടഹൃദയം | ചോദ്യം : 20 |
| നിഗളം | ചോദ്യം : 21 |
| ബാലമനസ്സിലെ ഭോഷത്വം | ചോദ്യം : 22 |
| കനാന്യശാപം | ചോദ്യം : 23 |
| *ബന്ധനങ്ങൾ* (സ്വയബന്ധനം, പരബന്ധനം) | ചോദ്യം : 24a, 24b |
| അർക്കെലിയോസന്മാർ | ചോദ്യം : 25a |
| ദൂഷണക്കാർ | ചോദ്യം : 25b |
| *ആത്മീയമനഷ്യൻ* | ചോദ്യം : 25c |
| യൂദാ (യേശുവിനെ ഒററികൊടുത്ത ഇസ്കര്യോത്താ യൂദാ) | ചോദ്യം : 25d, 25f |
| സാത്താന്റെ പള്ളിക്കാർ | ചോദ്യം : 25e |
| *മുദ്രയുടെ നിലവാരം* | ചോദ്യം : 26 |

# മുഖവുര

**നിങ്ങൾക്കുള്ള ക്ഷണകത്ത്:-**

യേശു മണവാളന്റെ ക്ഷണിക്കപ്പെട്ട കല്യാണത്തിന്, ഉണർന്ന് ഒരുങ്ങാം. ശോഭനമായ ഭാവിയുണ്ടാകാനാഗ്രഹിക്കുന്ന വിശ്വാസിയായ സഹോദരാ/സഹോദരീ, നമ്മുടെ നല്ല ആഗ്രഹങ്ങൾ യഥാസമയം സഫലമാകുവാൻ, ഇവിടെ പ്രാർത്ഥനയിലും ധ്യാനത്തിലും പങ്കുചേരാൻ വന്നതിന് നന്ദി, സ്വാഗതം.

ഉറക്കമില്ലാത്ത ഉണർവുള്ളവനായ സ്വർഗ്ഗീയ പിതാവാം ദൈവം, നമ്മുടെ അശ്രദ്ധകൊണ്ടും, അശുദ്ധികൊണ്ടും, അനീതികൊണ്ടും നമ്മുടെ ഉള്ളിലും, ഭവനത്തിലും, ജീവിതത്തിലും ഉറങ്ങിപ്പോകാൻ സാദ്ധ്യതയുള്ള സത്യം (ഇയ്യോ. 8 : 5 - 8) നമ്മെ ബോദ്ധ്യമാക്കിയിട്ടുണ്ടല്ലോ. **സർവ്വശക്തനായ ദൈവം നമ്മുടെ ജീവിതത്തിൽ ഉണർന്നു പ്രവർത്തിക്കുവാൻ,** നമ്മുടെ ശ്രദ്ധയും, ശുദ്ധീകരണവും നീതി അന്വേഷണവും, പൂർണ്ണതയിലേക്ക് വളർത്താൻ നമ്മുടെ വചന പഠനവും ഈ കൂട്ടായ്മയും ഉതകട്ടെ. ഉണരുന്ന ഹൃദയത്തിൽ നിന്നുള്ള പ്രാർത്ഥനയാൽ, ആത്മീയ പരീക്ഷയിൽ അകപ്പെടാതെ, നന്മയാൽ തിന്മയെ ജയിക്കാം.

നമ്മുടെ ആത്മശരീര മനസ്സുകളുടെ അമിതഭാരം നമ്മുടെ ജീവിതയാത്രയുടെ ക്ലേശം വർദ്ധിപ്പിച്ചിരിക്കുമ്പോൾ, അദ്ധ്വാനിച്ച് ഭാരം ചുമക്കുന്നവരെ ആശ്വസിപ്പിക്കാൻ വന്ന യേശു **രക്ഷകന്റെ അടുത്ത് ചെല്ലുവാൻ,** സ്വർഗ്ഗീയ പിതാവിന്റെ ആകർഷണം നമ്മുടെമേൽ ഉണ്ടാകാൻ, ദൈവവചനത്തിങ്കൽ വിറച്ച് നീതി അന്വേഷിക്കാൻ, നമ്മുടെ ബോധവിചാരഹൃദയങ്ങൾക്ക് പിതാവിന്റെ അടുത്തുചെല്ലാൻ, പുത്രൻ തന്നെ വഴിയായി തീരാൻ നമ്മുടെ ഈ കൂട്ടായ്മ ഉതകട്ടെ (മത്താ. 11: 28; 7: 13; യോഹ. 6: 44, 45, 65; ലൂക്കൊ. 13: 24). സ്വർഗ്ഗീയ പിതാവിങ്കലേക്കുള്ള **നമ്മുടെ ഹൃദയത്തിലെ രഹസ്യവഴിവെട്ടിന്,** മറ്റുള്ളവരുടെ നിന്ദകളേയും പീഡനങ്ങളേയും ഉപകരണമാക്കുന്ന വിദ്യപഠിയ്ക്കാൻ ഈ ധ്യാനം ഉതകട്ടെ (ലൂക്കൊ. 1: 5, 25). പിതാവിന്റെ കരങ്ങളിൽ നമ്മുടെ നാൾതോറുമുള്ള ജീവപ്രാണനെ കുരിശിന്റെ വഴിയിൽ സഞ്ചരിച്ച് സമർപ്പിക്കുമ്പോൾ, പിതാവിനാൽ എടുക്കപ്പെട്ട്, പുത്രനായ യേശുവിനു നൽകപ്പെടുന്ന നമ്മുടെ ഹൃദയം, വാഗ്ദത്തപ്രകാരം **ആശ്വാസം പ്രാപിയ്ക്കാൻ,** നമ്മുടെ ബലം മുഴുവനും കർത്താവിലാക്കിയിട്ട്, സ്വർഗ്ഗത്തിലേക്കുള്ള പെരുവഴി നമ്മുടെ ഉള്ളിലാക്കാൻ, ഈ ധ്യാനം സഹായകരമാകട്ടെ (സങ്കീ. 84; 1പത്രൊ. 4: 19; യോഹ. 6: 37; യെശ. 35: 8).

ദൈവത്തിന്റെ കല്പനകളുടെ വഴിയിൽ ഓടാൻ, ഹൃദയം വിശാലമാക്കാൻ, ന്യായപ്രമാണത്തിൽ പ്രിയവും സന്തോഷവും ഉണ്ടാകുവാൻ, ചെയ്യുന്നതൊക്കെയും സാധിക്കുന്ന **നിരന്തര ധ്യാന ജീവിതത്തിൽ ഭാഗ്യം ലഭിക്കാൻ,** തിരുവചനത്തിന്റെ മുദ്രപൊട്ടിച്ച്, നല്ല ഉപദേശങ്ങൾ പാതയ്ക്ക് പ്രകാശമാകുവാൻ കണ്ണും, ഹൃദയവും, ചെവിയും തിരിച്ചുകിട്ടുന്ന കൃപയ്ക്കുള്ള ദൈവസ്നേഹം അക്ഷയമാക്കുവാൻ, ഈ കൂട്ടായ്മ ഉതകട്ടെ (സങ്കീ. 1; 119: 165; ദാനീ 12: 4; എഫെ. 6: 24). മരുഭൂയാത്രയിലെ വരൾച്ചയും, കൈപ്പും മാറ്റാനുള്ള മധുരകമ്പുകണ്ടെത്തുവാനും, വചനമാകുന്ന പാൽ ഹൃദയമാകുന്ന പാത്രത്തിൽ ഒഴിച്ച്, പരിശുദ്ധാത്മാവിന്റെ ഉറചേർന്ന് തൈരാക്കി, **നന്മയാൽ തിന്മയെ ജയിക്കുന്ന പക്വതയാർജ്ജിക്കാൻ,** വചനം തേൻപോലെ മധുരിച്ച് ബലപ്പെടുവാൻ, ഹൃദയത്തിലെ അശുദ്ധികൾ മാറ്റാൻ യേശുവിന്റെ നാമവും, ആത്മാവും നമ്മിൽ ശുദ്ധീകരണം വരുത്തുവാൻ ഈ ധ്യാനം ഉതകട്ടെ (യെശ. 7: 15; 1 പത്രൊ. 2: 1-2; റോമ. 12: 21; 1 കൊരി. 6: 11).

കൂടെയിരിക്കാമെന്നു വാഗ്ദത്തം ചെയ്ത് ഉയർത്തെഴുന്നേറ്റ യേശുവിന്റെ സാന്നിദ്ധ്യം തിരിച്ചറിയാൻ തക്കവണ്ണം **നമ്മുടെ പ്രാകൃത, കഠിന, ജഡീക മനസ്സ് തകർക്കുന്ന ചുറ്റികയായി** ദൈവവചനം നമ്മിൽ വ്യാപരിക്കുവാൻ, ദൈവവചനത്തെ കോട്ടികളയുന്ന ദുഷ്ടന്റെ വഞ്ചനയിൽ നിന്ന് രക്ഷപെടുവാൻ ഈ സ്വയപരിശോധനാസഹായി ഉതകട്ടെ (മത്താ. 28: 20; സങ്കീ. 51; 101: 5). സൃഷ്ടാവിന്റെ ദീപമായി സൃഷ്ടിക്കപ്പെട്ട നമ്മുടെ ആത്മാക്കൾ, ദൈവത്താൽ ജ്വലിപ്പിക്കപ്പെട്ട് കിട്ടുന്ന പ്രകാശത്തിൽ, നമ്മുടെ ശക്തികൾ അപഹരിക്കുന്ന ജീവികളെ കണ്ടെത്തി ദൂരീകരിക്കുവാൻ ഹൃദയങ്ങളേയും, ഉദരങ്ങളേയും **ശോധന ചെയ്യുന്ന വിവേചനവരം പ്രാപിയ്ക്കുവാൻ,** ആത്മാവിലും സത്യത്തിലും ആരാധിക്കുവാൻ സാധിക്കുന്ന കൂട്ടായ്മ ഇവിടെ നിങ്ങൾക്കു ലഭിക്കട്ടെ (സങ്കീ. 18: 28; സദൃ. 20: 27; യോഹ 4: 23, 24; എബ്രാ. 13: 12 - 18).

മത്സരത്തിന്റെ ആഭിചാരദോഷത്താൽ പാതാളത്തിൽപോയ കോരഹിന്റെ പുത്രന്മാർ അനുതപിച്ച് ദൈവത്തിൽ ആശ്രയിച്ചപ്പോൾ പൂർവ്വശാപത്തിൽ നിന്ന് രക്ഷപെട്ടതുപോലെ, നമുക്കും **വീണ്ടും ജനനത്താൽ തിന്മ തൊടാത്ത അവസ്ഥയിലേക്കു വളരാൻ** രക്ഷയ്ക്കുള്ള ഈ സമയം തക്കത്തിൽ ഉപയോഗിക്കാനുള്ള കൃപയ്ക്കായി ഈ ധ്യാനം ഉതകട്ടെ (സങ്കീ. 44; സംഖ്യാ. 16: 26; 1 യോഹ. 5: 16 - 19).

നമ്മുടെ അനുഗ്രഹത്തിനു തടസമായി വാതുക്കൽ കിടക്കുന്ന പാപത്തിന്റെ തലയിൽ ചവിട്ടി തോല്പിച്ച് സമുദ്രത്തിൽ വലിച്ചെറിയാൻ, **യേശുക്രിസ്തു മൂലം വിജയം കൊയ്യാൻ, നന്മയുടെ വിത്തുകൾ ആത്മാവിൽ വിതയ്ക്കാൻ** ഈ ധ്യാനം ഉതകട്ടെ (ഉല്പ. 4: 7; മീഖാ 7: 19; 1 കൊരി. 15: 57)

കുരിശെടുത്ത് തകർക്കപ്പെട്ട്, ഉയർക്കുവാനുള്ള നമ്മുടെ ഈ ശരീരത്തിലെ ജീവൻ ബലഹീനതയുള്ളതും അപൂർണ്ണതയുള്ളതുമായതുകൊണ്ട്, **യേശുവിനെപോലെയാക്കുന്ന ഉയർപ്പുവരെ നമുക്ക് യാതൊരു പ്രശംസയ്ക്കും അർഹതയില്ലാത്തതുകൊണ്ട്,** ''നല്ലവനായ ഗുരു''വെന്നുള്ള വിളി സ്വീകരിക്കാതെ മഹത്വം പിതാവിനു കൊടുത്ത യേശുക്രിസ്തുവിനെ അനുഗമിച്ചും, അനുകരിച്ചും മാതൃകയാക്കി, ജന്മസാഫല്യ മടയാൻ, നമുക്ക് പ്രാർത്ഥിക്കാം (മത്താ. 19: 16; 16:24; മർക്കൊ. 10: 17 - 31). ലോകത്തെക്കാൾ വിലയുള്ള എന്റെ എല്ലാ ദിവസത്തേയും ദേഹിയിലെ ജീവനെ വീണ്ടെടുക്കാൻ പ്രാണനെ മുഴുവൻ വിട്ടുതന്ന കർത്താവിനു നന്ദി. എന്റെ വീണ്ടെടുക്കപ്പെടുന്ന പ്രാണനെക്കുറിച്ച് ആഴമായ ഉൾക്കാഴ്ചതരണമെ. (യോഹ. 3 :16)

## പ്രാണക്കുട്ടികൾക്ക് നിർവചനം - പ്രാണപ്രിയന്റെ പ്രാണക്കുട്ടികൾ ആരാണ് ?

ശരീരവും ജീവാത്മാവും ചേർന്ന് ഉണ്ടാകുന്ന ഓരോ ദിവസത്തേയും ജീവനെ, പ്രാണക്കുട്ടിയെന്നു ഈ ധ്യാനമന്ദിരം വിളിക്കുന്നു. മനുഷ്യന്റെ ദേഹിയിലെ എല്ലാ പ്രാണക്കുട്ടികളും ചേർന്ന്, പ്രാണപ്രിയനായ **യേശുക്രിസ്തുവിന്റെ മണവാട്ടിയായിത്തീരാൻ,** നിർമ്മലകന്യകയായി വിവാഹ നിശ്ചയം ചെയ്യപ്പെടുന്നു (ഉല്പ. 2: 7; 2 കൊരി. 11: 2).

നിർമ്മലകന്യകയായ മണവാട്ടിസഭയുടെ ശരീരത്തിലെ ജീവകോശങ്ങൾ ഒന്നായിത്തീരാൻ, വിശ്വാസികളുടെ പ്രാണക്കുട്ടികൾ വിളിക്കപ്പെടുന്നു (1 കൊരി. 6: 15 - 19).

ഒന്നാം മനുഷ്യനായ ആദാം ജീവനുള്ളദേഹിയായി തീർന്നു. അവസാനത്തെ ആദാം (യേശുക്രിസ്തു) ജീവൻ നല്കുന്ന ആത്മാവായി (1 കൊരി. 15: 45).

**എന്റെ വിലയേറിയ പ്രാണന്റെ (ദേഹി) ഇന്നത്തെ ഏറ്റവും വലിയ പ്രശ്നം എന്താണ് ?** (യെഹെ.18: 4)

**ജീവനുള്ളവനെന്നും നിനക്ക് പേരുണ്ടെങ്കിലും നീ മരിച്ചവനാകുന്നു** (വെളി. 3 : 1). അതുകൊണ്ട്, തന്റെ പാപങ്ങൾ നിമിത്തം ശിക്ഷിക്കപ്പെടുമ്പോൾ ജീവനുള്ള മനുഷ്യൻ പരാതിപ്പെടുന്നത് എന്തിന് ? (വിലാ. 3 : 39) രക്ഷയുടെ വാതിൽ തുറന്നു കിടക്കുന്ന ഈ കൃപായുഗത്തിൽ നാം നമ്മുടെ വഴികൾ ആരാഞ്ഞു പരിശോധിച്ച്, സൃഷ്ടാവിന്റെ അടുക്കലേക്ക് വീണ്ടും തിരിയുക (വിലാ. 3 : 40). വിശ്വാസത്തിൽ, പ്രത്യാശയോടെ തന്നെ കാത്തിരിക്കുന്നവർക്കും തന്നെ അന്വേഷിക്കുന്നവർക്കും ദൈവം നല്ലവനാണ് (വിലാ. 3: 25; സങ്കീ. 40). യേശുവിനു കൊടുക്കേണ്ടതായ, സകല ദേഹിയും ദൈവത്തിനുള്ളതാണ്, പാപം ചെയ്യുന്ന ദേഹി മരിക്കും. ഏത് അനീതിയും പാപമാകുന്നു (1 യോഹ. 5: 17). നീതിമാൻ ആരുമില്ല, ഒരുവൻപോലുമില്ല. എല്ലാവരും പാപം ചെയ്തു, ദൈവതേജസ്സ് ഇല്ലാത്തവരായി തീർന്നിരിക്കുന്നു (റോമ. 3: 9 - 31). **അതുകൊണ്ട് എന്റെ പ്രാണക്കുട്ടികളും പാപത്തിൽ മരിച്ചതാണ്** (എഫെ. 2: 1 - 10).

യേശുക്രിസ്തു പാപത്തിൽ മരിച്ച പ്രാണക്കുട്ടികളോട് പറയുന്നു: ''ഞാൻ തന്നെ പുനരുത്ഥാനവും ജീവനുമാകുന്നു. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും'' (യോഹ.11:25). ഞാൻ പാപിക്കുവേണ്ടി, പാപമാക്കപ്പെട്ട് കുരിശിൽ കിടന്നു ചോദിക്കുന്നു. കടന്നുപോകുന്ന ഏവരുമേ ഇതു നിങ്ങൾക്ക് ഏതുമില്ലയോ ? ദൈവം തന്റെ ഉഗ്രകോപ ദിവസത്തിൽ, കഷ്ടതയിൽ ആക്കിയിരിക്കുന്ന എനിക്കുള്ള ദുഃഖംപോലെ ഒരു ദുഃഖമുണ്ടോ? എന്ന് നോക്കുവിൻ (വിലാ.1:12). ഈ യേശുക്രിസ്തുവിനെ കൈക്കൊണ്ട്, വിശ്വസിച്ച്, ഏറ്റു പറഞ്ഞാൽ, നമ്മുടെ ഓരോ ദിവസത്തെ പ്രാണനിലും യേശു ജനിച്ചും, മരിച്ചും, ജീവിച്ചും പിതാവിന്റെ സന്നിധിയിൽ എത്തുന്നു (റോമ. 12: 4; 1 കൊരി. 12: 27; യോഹ. 1: 12; 1പത്രൊ. 4: 19; ഗലാ. 2: 20; റോമ. 10: 9).

എന്നാൽ, യേശുവിൽ ആശ്രയിക്കാതെ, വിശ്വസിക്കാതെ പാപത്തിൽ മരിക്കുന്ന ദേഹി (പ്രാണക്കുട്ടികൾ) പാതാളത്തിൽ മരണമാകുന്ന ഇടയനാൽ മേയിക്കപ്പെടുന്നു (സങ്കീ 49: 13, 14).

**അങ്ങനെ ഓരോ വ്യക്തിജീവിതത്തിലും രണ്ടുതരം പ്രാണക്കുട്ടികൾ ഉണ്ട്:**

a. യേശുവിൽ വിശ്വസിച്ച് സ്വർഗ്ഗത്തിലെത്തുന്ന പ്രാണക്കുട്ടികൾ

b. സ്വയത്തിലാശ്രയിച്ച് മരണമാകുന്ന ഇടയനാൽ നയിക്കപ്പെടുന്ന പ്രാണക്കുട്ടികൾ

ഇത് പരിതാപകരമായ അവസ്ഥയാണ്. ഇവിടെയാണ് യേശുവിന്റെ ഐക്യത്തിന്റെ പ്രവചനം നിവർത്തിയാകേണ്ടത് **''ഒരാട്ടിൻ കൂട്ടവും ഒരിടയനുമാകും''** (യോഹ. 10 : 16). എല്ലാ തിരുവെഴുത്തുകളും **ധ്യാനിച്ച്, ഈ അനുഭവം ഓരോ വ്യക്തികളിലും പൂർത്തിയായി സമൂഹത്തിലേക്ക് വ്യാപിക്കണം.**

''എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാകയാൽ ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവൃത്തിക്കും വക പ്രാപിച്ചു തികഞ്ഞവൻ ആകേണ്ടതിന്നു ഉപദേശത്തിന്നും ശാസനത്തിന്നും ഗുണീകരണത്തിന്നും നീതിയിലെ അഭ്യാസത്തിന്നും പ്രയോജനമുള്ളതു ആകുന്നു'' (2 തിമൊ. 3: 16 - 17). ആ പ്രയോജനം സ്വന്തമാക്കാൻ വേണ്ടി **പ്രാർത്ഥിയ്ക്കാൻ പഠിപ്പിക്കണമെയെന്നു പ്രാർത്ഥിച്ചു തുടങ്ങാം** (ലൂക്കൊ.11:1).

## പ്രാണക്കുട്ടികളുടെ ശോഭനഭാവിക്കായിട്ടുള്ള ഒരുക്കപ്രാർത്ഥന

ദൈവപുത്രനായ യേശുക്രിസ്തുവിന്റെ രാജ്ഞിയായി തീരുന്ന, സഭയാകുന്ന ശരീരത്തിന്റെ ഒരു കോശമായിതീരാൻ, ആ **കല്യാണത്തിന് എന്നെയും വിളിക്കുന്ന സ്വർഗ്ഗീയ പിതാവിനു നന്ദി.**

സത്യദൈവത്തിന്റെ രക്ഷാകരമായ ഉപദേശം കൈക്കൊള്ളുവാൻ സാധിക്കാത്ത എന്നിലെ പ്രാകൃതമനുഷ്യന്റെ മിത്ഥ്യാബോധവും, ദുഷ്ടമനസ്സാക്ഷിയും, സാദൃശ്യമനോഭാവവും മാറ്റാൻ യേശുവിന്റെ രക്തം തളിക്കണമെ. **പരിശുദ്ധാത്മാവിനെ കാണാൻ കഴിയാത്ത എന്നിലെ ലോകം അവസാനിക്കണമെ** (1 കൊരി 2: 14).

എന്റെ പ്രാണന്റെ മുലകുടി മാറാൻ നിന്റെ വചനമാകുന്ന പാൽ കുടിപ്പിച്ച് താലോലിച്ച് ആശ്വസിപ്പിക്കേണമെ. എന്റെ ബാലമനസ്സിലെ ഭോഷത്വത്തിൽ മറഞ്ഞിരിക്കുന്ന തിന്മകളെ അകറ്റാൻ എന്നെ **അലിവോടെ ശിക്ഷിക്കുന്ന മാതാപിതാക്കളെ തരേണമെ** (സങ്കീ. 131; സദൃ. 22: 15).

ദൈവത്തെക്കുറിച്ചുള്ള അറിവുകൾ ആരാധനക്കായി എന്നെ പ്രേരിപ്പിക്കാതെ, ഇരുണ്ടുപോയ എന്റെ ഹൃദയത്തിൽ **വളരുന്ന നാലുതരം തിന്മകളിൽ നിന്നും എന്നെ രക്ഷിക്കണമെ.** ആത്മാവിലും സത്യത്തിലും സത്യ ദൈവത്തെ ആരാധിക്കാതെ ഇരുണ്ടുപോയ എന്റെ ഹൃദയത്തിലെ തിന്മകളുടെ ഒളിപ്പിടങ്ങൾ തകർത്ത് എന്നെ രക്ഷിക്കേണമെ. ദുഷ്ടന്റെ ആലോചനയും, പാപിയുടെ വഴിയും പരിഹാസവും എന്നിൽ നിന്ന് ദൂരീകരിക്കേണമെ. രക്ഷാമുടക്കികളേയും, ദുരാത്മാക്കളുടെ ഒളിപ്പിടമായ അത്യാഗ്രഹ വിഗ്രഹ സേവയേയും എന്നിൽ നിന്ന് മാറ്റണമെ (റോമ. 1: 21-23; സങ്കീ 1).

പിതാവിന്റെ കാൽപാദമിരിക്കുന്ന ഭുമിയിൽ നീല കല്ലു പടുത്ത തളം പോലെ സകലത്തേയും **ജീവിപ്പിക്കുന്ന പരിശുദ്ധാത്മാവിനെ ചലിക്കുന്ന പ്രകാശമായി കാണാൻ** എന്നിലെ ലോകം

അവസാനിപ്പിക്കണമെ. ജഡമോഹവും, കൺമോഹവും, ജീവനത്തിന്റെ പ്രതാപവും കൊണ്ട് പാപത്തിൽ മരിച്ച എന്റെ ദേഹിയെ ജീവിപ്പിക്കാൻ യേശുവിന്റെ ഉയർപ്പിക്കുന്ന ശബ്ദം എന്നെ കേൾപ്പിക്കേണമെ. എന്റെ കണ്ണുകളും, കാതുകളും, ഹൃദയവും അപഹരിച്ചുകളഞ്ഞ്, **ബന്ധിച്ചിരിക്കുന്ന തിന്മയുടെ ശക്തിക്കു പകരം കൊടുത്ത്,** യേശുവിന്റെ രക്തത്താൽ എന്നെ ശുദ്ധീകരിച്ച് **വിടുവിക്കണമെ** (യോഹ 14: 17; പുറ. 24: 10; യെശ. 43: 3).

എന്റെ പൂർവ്വികന്മാരുടെ അകൃത്യശാപങ്ങളുടെ ബന്ധനങ്ങൾ എന്നിൽ നിന്ന് മുറിച്ചുകളയുവാൻ എന്റെ സ്നാനത്തിനു ശേഷമുള്ള **പരിശുദ്ധാത്മാവിന്റെ അഭിഷേകം പൂർണ്ണതയിലേക്കു** വളർത്താൻ സഹായിക്കേണമെ. പിന്മാറ്റത്താൽ, അവിശ്വാസത്താൽ ദൈവപരിജ്ഞാനം കുറയുന്നത് എങ്ങനെ എന്ന് എന്നെ പഠിപ്പിക്കേണമെ (സങ്കീ. 79; വെളി. 22: 3).

ഭൗമികം, പ്രാകൃതം, പൈശാചികമായ ആലോചനകളിലെ ജ്ഞാനം തള്ളിക്കളഞ്ഞ്, **ഉയരത്തിലെ നല്ല ആലോചന പരിജ്ഞാനമായി ലഭിക്കുന്നതിന്** എന്നെ സഹായിക്കേണമെ. നല്ല ആലോചനകൾ ആകുന്ന ജീവജലത്തിലും, പരിശുദ്ധാത്മാവിന്റെ തീ കൊണ്ടും ലഭിക്കുന്ന സ്നാനത്തിൽ എന്റെ ശാപങ്ങൾ മാറ്റണമെ. അസ്ഥിയിലും, ഉദരത്തിലും, ശരീരത്തിനു പുറത്തും എല്ലാ **ശാപങ്ങളും കത്തിത്തീരുവാൻ ദൈവസ്നേഹാഗ്നി ജ്വലിപ്പിക്കേണമെ** (യാക്കോ. 3: 17; സങ്കീ. 109: 18).

എന്റെ അകൃത്യത്താൽ സ്വയത്തിൽ ആശ്രയിച്ച് പാതാളത്തിൽ മരണത്താൽ നയിക്കപ്പെടുന്ന ആടുകളായി എന്റെ **പ്രാണൻ നശിച്ചതിൽ അനുതപിക്കുന്നു** (സങ്കീ. 49: 13). സകലതും ശോധന ചെയ്തു നല്ലതു മുറുകെ പിടിച്ച് പ്രാണരക്ഷയ്ക്കായി സ്വയപരിശോധനയ്ക്ക് സഹായിക്കേണമെ.

നിന്റെ വചനം എന്റെ ജീവിതയാത്രയിൽ ജീവപ്രകാശം തന്ന്, ലക്ഷ്യത്തിൽ എത്തിക്കുവാൻ സഹായിക്കണമെ. പലപ്രാവശ്യം വചനങ്ങൾ കേട്ടെങ്കിലും, വായിച്ചെങ്കിലും എനിക്ക് നല്ല ഫലം കായ്ക്കാൻ സാധിക്കാത്തതിൽ ദുഃഖിക്കുന്നു. ഹൃദയത്തിൽ നട്ടുവളർത്താൻ പറ്റിയ മുളച്ച വിത്തുകളായി, തിരുവചനം എന്റെ ഒരുക്കപ്പെടുന്ന ഹൃദയത്തിൽ വേരൂന്നുവാൻ സഹായിക്കണമെ (യാക്കോ. 1: 21).

**1.** **പ്രാർത്ഥന : എന്റെ വചനകേൾവിയുടെ കുറവുകൾ പരിഹരിക്കുവാൻ, സ്വയപരിശോധനയ്ക്ക് സഹായിക്കണമെ.**
ചോദ്യം : ഇന്ന്, എന്റെ വചനകേൾവി പ്രയോജനപ്പെടുവാനുള്ള ശ്രദ്ധയും, ഒരുക്കവും, ഭക്തിയും എത്ര ശതമാനം ആയിട്ടുണ്ട് ?(സദൃ. 8: 13)

**2.** **പ്രാർത്ഥന : എന്റെ ഹൃദയത്തിൽ വീണ വചനമാകുന്ന വിത്തുകൾ, നല്ല ഫലം നൽകാതെ പോയതിൽ ഞാൻ ദുഃഖിക്കുന്നു.**
ചോദ്യം : എന്റെ ഹൃദയത്തിലെ മുള്ളുകളുടെ ഇടയിൽ ഉണ്ടായ എന്റെ **വചനകേൾവി** എത്ര ശതമാനം വിശ്വാസമായി പരിണമിച്ചു ? (മർക്കൊ. 4: 7, 18, 19; എബ്രാ 4: 2)

**3.** **പ്രാർത്ഥന : അല്പവിശ്വാസിയായ എന്റെ മലപോലെ മുമ്പിൽ വന്നു തടയുന്ന തിന്മകളെ മാറ്റുവനായി വചനകേൾവിയാലുള്ള വിശ്വാസം പൂർണ്ണ ഉറപ്പുള്ളതാക്കണമെ.**
ചോദ്യം : എന്നിൽ വിശ്വാസം കടുകുമണിപോലെ ഉറച്ചത് എത്ര ശതമാനം?
(അ. പ്ര. 13: 8 - 46; റോമ. 11: 28; മത്താ. 17: 20- 21)

**4a.** **പ്രാർത്ഥന : കേട്ട വചനങ്ങൾ അത്യാഗ്രഹത്തോടെ അംശികമായി മാത്രം ശ്രദ്ധിച്ച് മത്സരിയായിപോയ എന്നോട് കരുണ തോന്നണമെ.**
ചോദ്യം : എന്റെ **വചന പഠനം** എത്ര ശതമാനം ആയി ?
(2 തെസ്സ. 2: 15; 3: 6; യെശ. 34: 16; 2 തിമോ. 3: 14 - 16)

**4b.** **പ്രാർത്ഥന : വചനം ശ്രദ്ധയോടെ ധ്യാനിച്ച് പരിപൂർണ്ണമായി ദൈവേഷ്ടത്തിന് ഉപയോഗിക്കാൻ കൃപ തരണമേ.**
ചോദ്യം : **വചനം അശ്രദ്ധയോടെ**, സ്വാർത്ഥതാല്പര്യത്തിൽ പ്രയോഗിച്ച് ആഭിചാരദോഷമുണ്ടായത് എത്ര ശതമാനം? (1 ശമൂ. 15: 1 - 23)

**4c.** **പ്രാർത്ഥന : ഉദരം മുതൽ എന്നെ വചനം പഠിപ്പിച്ച മാതാപിതാക്കൾക്കും ഗുരുക്കന്മാർക്കും ആത്മഫലനന്മകൾ കൊടുത്ത്, ബാദ്ധ്യതകൾ തീർക്കാത്ത എന്നോട് ക്ഷമിക്കണമെ.**
ചോദ്യം : വചനം പഠിപ്പിച്ചവർക്ക് എല്ലാ നന്മയിലും ഓഹരികൊടുക്കാതിരുന്നതിന്റെ വ്യവഹാരം എത്രയുണ്ട് ? (ഗലാ. 6: 6; സങ്കീ. 119: 153 - 165)

**5.** **പ്രാർത്ഥന : ശിശുവായിരുന്നപ്പോൾ മൂന്നു വർഷങ്ങൾ മാതാവിന്റെ പാലുകിട്ടാതെ പോയതിന്റെ കെടുതികൾ മാറ്റാൻ, വചനമാകുന്ന പാലുകുടിച്ച്, ആ കുറവ് പരിഹരിക്കാൻ സഹായിക്കണമേ.**
ചോദ്യം : വചനമാകുന്ന പാലുകുടിച്ച്, എന്റെ പ്രാണന്റെ പാലുകുടി മാറിയോ ?
(എബ്രാ. 12: 1; സങ്കീ. 131: 2; ഫിലി. 2: 16; 3: 4)

**6a.** **പ്രാർത്ഥന : എന്റെ സ്വാതന്ത്ര്യ ദുർവിനിയോഗത്താൽ ഞാൻ പിതാവിൽ നിന്ന് ദൂരെപോയത് ക്ഷമിക്കണമെ.**
ചോദ്യം : ന്യായപ്രമാണത്തിൽ പ്രിയമില്ലാതെ, ദുഷ്ടന്റെ ആലോചനയാൽ പിതാവിൽ നിന്ന് എന്നെ അകറ്റുന്ന ധൂർത്ത പുത്രന്റെ **മിത്ഥ്യാബോധം** എന്നിൽ എത്ര ശതമാനമുണ്ട്? (ലൂക്കൊ.15: 1 - 24)

**6b.** **പ്രാർത്ഥന : ആത്മാവിനെ അനുസരിച്ച് നടന്ന് ആത്മ സന്തോഷം വിളയിക്കുവാൻ ജഡത്തിന്റെ കളകളെ മാററി തരണമേ.**
ചോദ്യം : ആത്മ സന്തോഷം വിളയിക്കുന്നതിനു **തടസ്സമായ കളകൾ** എത്ര ശതമാനം ഹൃദയത്തിൽ

നിന്നും പോകാനുണ്ട് ? (ഗലാ. 5: 17 - 21; 1 കൊരി. 3: 9)

**6c.** പ്രാർത്ഥന : എന്നിലെ **വിളകളൊടൊപ്പം കൊയ്ത്തോളം വളരുന്ന കളകളെ തന്നതിന് ദൈവമേ നന്ദി.**
ചോദ്യം : കൊയ്ത്തോളം **വളരേണ്ട കളകൾ** എത്ര ശതമാനം ഉണ്ട് ? (മത്താ. 13: 30)

## പ്രാണന്റെ വീണ്ടെടുപ്പ് (സങ്കീ. 49: 8,9)

**7a.** പ്രാർത്ഥന : **ദൈവത്തിന്റെ അനുഗ്രഹങ്ങളുടെ സംരക്ഷണങ്ങൾ മറന്ന്, പിറുപിറുത്ത എന്റെ പ്രാണന് ക്ഷയം അയച്ചുശിക്ഷിച്ചതിനു നന്ദി പറയുന്നു. പ്രാണക്ഷയ രോഗശമനത്തിനായി പ്രാർത്ഥിക്കുന്നു.**
ചോദ്യം : എന്റെ **യൗവനത്തിൽ മോശയെപ്പോലെ** കോപത്താൽ മരിച്ച പ്രാണക്കുട്ടികൾ എത്ര ശതമാനം ? (സങ്കീ. 106:5; പുറ. 2: 12; മത്താ. 5: 22)

**7b.** പ്രാർത്ഥന : **എന്നിലെ മോശയുടെ വാർദ്ധക്യകോപത്താൽ എന്റെ പ്രാണക്കുട്ടികൾക്ക് വാഗ്ദത്തദേശത്തു പ്രവേശിക്കുവാനുള്ള തടസ്സങ്ങളെ മാററിത്തരണമേ.**
ചോദ്യം : എന്റെ വാർദ്ധക്യത്തിൽ കോപത്താൽ കനാൻ ദേശത്ത് കയറാതെ മരിച്ച പ്രാണക്കുട്ടികൾ എത്ര ? (സംഖ്യാ. 20: 12, 13; സങ്കീ. 106: 32; ആവ. 32)

**7c.** പ്രാർത്ഥന : **ദൈവത്തിന്റെ ദാനങ്ങളെ മറന്നിട്ട് അവന്റെ ആലോചനയ്ക്കു കാത്തിരിക്കാതെ അത്യാഗ്രഹ ത്തോടുള്ള അപേക്ഷയാൽ, ദാനങ്ങളൊടൊപ്പം ലഭിച്ച പ്രാണക്ഷയത്തെ നീക്കിതരണമേ.**
ചോദ്യം : ദൈവത്തിന്റെ ദാനങ്ങൾക്ക് നന്ദികാണിക്കാതെ കിട്ടിയ **പ്രാണക്ഷയം** എത്ര ശതമാനം എനിക്കുണ്ട് ? (സങ്കീ. 106: 15).

**7d.** പ്രാർത്ഥന : **എന്റെ പ്രാണൻ പൂർണ്ണമായി ക്രിസ്തുവിനുകൂടെ ദൈവത്തിൽ മറഞ്ഞിരിക്കേണ്ടതിന് മരിച്ചു ക്രിസ്തുവിനുകൂടെ ഉയിർത്തേഴുന്നേൽക്കുവാൻ സഹായിക്കണമേ.**
ചോദ്യം : എന്റെ പ്രാണൻ യേശുവിൽ കയറി മറഞ്ഞത് എത്ര ശതമാനം? (കൊലൊ. 3: 1 - 4)

**7e.** പ്രാർത്ഥന : **എന്നിലെ യേശുകുഞ്ഞിന് ഭീഷണിയായ ഹേരോദാമാരിൽ നിന്ന് ഓടിമറഞ്ഞിരിക്കാൻ പഠിപ്പിക്കണമേ.**
ചോദ്യം : എന്നിൽ ജനിച്ച യേശുവിനു ഭീഷണിയായി എത്ര ഹേരോദാമാർ ജീവിക്കുന്നു ? (മത്താ.2:13-14)

## പ്രാകൃതമനുഷ്യൻ

''പ്രാകൃതമനുഷ്യൻ ദൈവത്തിന്റെ ഉപദേശം കൈക്കൊള്ളുന്നില്ല.''

**8.** പ്രാർത്ഥന : **സത്യദൈവത്തിന്റെ രക്ഷാകരമായ ഉപദേശം കൈക്കൊള്ളുവാൻ സാധിക്കാത്ത എന്നിലെ പ്രാകൃതമനുഷ്യന്റെ മിത്ഥ്യാബോധവും, ദുഷ്ടമനസ്സാക്ഷിയും, സാദൃകൃമനോഭാവവും മാററാൻ യേശുവിന്റെ രക്തം തളിച്ച്, പരിശുദ്ധാത്മാവിനെ കാണാൻ കഴിയാത്ത എന്റെ ഉള്ളിലെ ലോകം അവസാനിക്കണമേ.**
ചോദ്യം : പരിശുദ്ധാത്മാവിനെ കാണാൻ കഴിയാത്ത എന്റെ ഉള്ളിലെ ലോകവും, സാദൃകൃമനസ്സും, ദുഷ്ടമനസ്സാക്ഷിയും, മിത്ഥ്യാബോധവുമുള്ള എന്നിലെ പ്രാകൃതമനുഷ്യന്റെ നിലവാരം എന്താണ് ? (1 കൊരി. 2: 14)

**9.** പ്രാർത്ഥന : **പിതാവിന്റെ സ്നേഹത്തിൽ നിന്ന് അകററുന്നതും പരിശുദ്ധാത്മാവിനെ കാണുവാനോ അറിയുവാനോ കഴിയാത്തതുമായ എന്നിലെ ലോകത്തെ നീക്കിത്തരണമേ.**
ചോദ്യം : ദൈവരാജ്യത്തെ ഞെരുക്കുന്ന (പരിശുദ്ധാത്മാവിനെ കാണാൻ കഴിയാത്ത) **എന്നിലെ ലോകം** എത്ര ശതമാനം പോകാൻ ഉണ്ട് ? (യോഹ. 14: 17; 1 യോഹ. 2: 15)

**10.** പ്രാർത്ഥന : **പ്രാർത്ഥനയിൽ നീതികരിക്കപ്പെടുന്നതിനു തടസ്സമായ പരീശമനോഭാവം മാറ്റാനുള്ള കൃപതരണമെ.**
ചോദ്യം : കപടഭക്തിയുടെ പരീശമനോഭാവം എന്നിൽ എത്ര ഉണ്ട് ? (മത്താ. 23: 23)

## ജഡീകമനുഷ്യൻ

**11.** പ്രാർത്ഥന : **ദൈവാത്മാവിനു കീഴ്പ്പെടാത്ത ജഡസ്വഭാവം കുരിശിക്കപ്പെടണമെ.**
ചോദ്യം : എന്നിലെ ജഡീകമനുഷ്യന്റെ നിലവാരം? (സദൃ. 22:15; റോമ. 8 : 7)

**12.** പ്രാർത്ഥന : **ഇത്രയും പ്രായമായിട്ടും എന്റെ ബാലിശസ്വഭാവം മാറാത്തതിൽ ക്ഷമിക്കണമെ.**
ചോദ്യം : കീഴ്പ്പെടാൻ കഴിയാത്ത ബാലമനസ്സിൽ പറ്റിയിരിക്കുന്ന ഭോഷത്വം എനിക്ക് എത്ര ശതമാനമുണ്ട് ? (റോമ. 8: 7)

**13a.** പ്രാർത്ഥന : **രക്ഷാപൂർത്തിക്കു തടസ്സമായ എന്റെ നിലവാരത്തിൽ ദുഃഖിക്കുന്നു. (സങ്കീ. 32 : 8)**
ചോദ്യം : എന്നിൽ **രക്ഷാമുടക്കികൾ** ആയി എത്ര തിന്മയുടെ ശക്തികൾ പ്രവർത്തിക്കുന്നു ? എന്റെ രക്ഷാപൂർത്തി എത്ര ശതമാനമായിരിക്കുന്നു ? (2 കൊരി 11: 3; എബ്രാ. 11: 40)

**13b.** പ്രാർത്ഥന : **രക്ഷാപൂർത്തിയ്ക്കായി കാത്തിരിക്കുന്ന എല്ലാ വിശ്വാസികളായ വാങ്ങിപോയവരേയും നന്ദിയോടെ ഓർക്കുന്നു.**
ചോദ്യം : ഭൂമിയിൽവച്ച് സൽഗുണപൂർണ്ണരാകാൻ ശ്രമിച്ച പൂർവ്വീകരുടെ രക്ഷാപൂർത്തി എത്ര ശതമാനമായി ? (എബ്രാ. 11: 40 - 12:13; ഫിലി. 2: 12)

**14a. പ്രാർത്ഥന : മാതാപിതാക്കളുടെ പൂർവ്വികരിൽ ആത്മഹത്യ ചെയ്തു അലഞ്ഞുനടന്ന്, ഞങ്ങൾക്ക് മരണഭീതിയും, ശാപവും വരുത്തിയവരെ യഥാസ്ഥാനപ്പെടുത്തി ആശ്വസിപ്പിക്കണമെ.**
ചോദ്യം : എന്റെ വിശ്വാസത്താൽ എന്റെ **കുടുംബത്തിൽ രക്ഷപെടുന്നവർ** എത്ര പേർ ? (അ. പ്ര 16: 31; യോഹ. 17: 12)

**14b. പ്രാർത്ഥന : ദൈവമക്കളായി വളരുവാൻ, വേർപാടു പാലിക്കേണ്ടവരായ എല്ലാവരിൽ നിന്നും എന്നെ അടർത്തി മാറ്റി മറയ്ക്കണമെ** (2 **കൊരി.** 6: 16, 17**).**
ചോദ്യം : നാലുവഴികളിൽ, എന്റെ കുടുംബത്തിൽ പാപം ചെയ്തു മരിച്ച യൂദാമാർ എത്ര ? (റോമ. 3: 23; സങ്കീ. 79; യോഹ. 17: 12)

**14c. പ്രാർത്ഥന : ലഭിച്ച് രക്ഷിക്കപ്പെട്ട എന്റെ ആത്മാവിന്റെ രക്ഷ അത് പ്രാണനിലേക്ക് ഭയത്തോടും വിറയലോടും വ്യാപിപ്പിക്കുവാൻ എന്നെ സഹായിക്കണമേ. (റോമ. 8)**
ചോദ്യം : ഭയത്തോടും വിറയലോടും രക്ഷക്കായി ഞാൻ പ്രവർത്തിച്ചത് എത്രശതമാനമായി ? (ഫിലി. 2:12)

**15a. പ്രാർത്ഥന : യേശുവിന്റെ കൂടെ പറുദീസായിൽ കയറിയ കള്ളനെപ്പോലെ വീണ്ടെടുക്കപ്പെട്ട എന്റെയും കുടുംബത്തിന്റെയും പ്രാണൻ എന്റെ സഹായത്തിനാക്കി തീർക്കണമേ.**
ചോദ്യം : എന്റെ കുടുംബത്തിൽ എന്നെ സഹായിക്കാൻ പറുദീസായിൽ എത്ര വിശുദ്ധന്മാരുണ്ട് ? (വെളി. 19: 9)

**15b. പ്രാർത്ഥന : എന്റെ അനുസരണക്കേടും അശുദ്ധിയും മൂലം പൂർവ്വികരുടെ ദുരാത്മക്കൾക്ക് ഉണ്ടാക്കി കൊടുത്ത ഒളിപ്പിടങ്ങളെ നീക്കിത്തരണമേ.**
ചോദ്യം : പൂർവ്വികരുടെ ദുരാത്മാക്കൾക്ക് ഒളിപ്പിടമുണ്ടാക്കിയ അനുസരണക്കേടും, അശുദ്ധിയും എന്നിൽ എത്ര ശതമാനം? (മർക്കൊ. 5: 8; മത്താ. 10: 8)

**16. പ്രാർത്ഥന :** എന്റെ പൂർവ്വികരുടെ അകൃത്യശാപങ്ങളുടെ ബന്ധനങ്ങൾ എന്നിൽ നിന്ന് മുറിച്ചു **കളയുവാൻ എന്റെ സ്നാനത്തിനുശേഷമുള്ള പരിശുദ്ധാത്മാവിന്റെ അഭിഷേകം പൂർണ്ണതയിലേക്കു വളർത്താൻ സഹായിക്കണമേ.**
ചോദ്യം : അശുദ്ധ പൂർവ്വികരുടെ ശാപബന്ധനങ്ങൾ എത്ര ഉണ്ട് ?(പുറ. 20; സങ്കീ. 79; യെഹെ. 18)

**17. പ്രാർത്ഥന : സത്യവചനം ധ്യാനിച്ചിട്ടും വിശ്വാസകുറവിനാൽ, കൂടെചേർന്ന് നടക്കുന്ന യേശുവിനെ തിരിച്ചറിയാൻ കഴിയാതെ പോയതിൽ എന്നോട് ക്ഷമിക്കണമേ.**
ചോദ്യം : യേശുവിന്റെ വചനം കേട്ടിട്ടും, വാടിയ മുഖത്തോടെ മന്ദബുദ്ധിയാൽ എമ്മവുസിലേക്ക് പോയശിഷ്യന്മാരുടെ അവസ്ഥ : **ആത്മിയ പ്രമേഹം** എനിക്ക് എത്ര ഉണ്ട് ? (ലൂക്കൊ. 24: 15; എബ്രാ. 4: 3; സങ്കീ. 1: 1 - 3)

**18a. പ്രാർത്ഥന : യേശുവിന്റെയും ശിഷ്യസമൂഹത്തിന്റെയും പണസൂക്ഷിപ്പുക്കാരനായ യൂദാ നശിച്ചതുപോലെ എന്നിലും ദ്രവ്യാഗ്രഹ വിഗ്രഹസേവയുള്ളതു ക്ഷമിക്കണമെ.**
ചോദ്യം : നാശയോഗ്യമായ ജഡബോധം എന്റെ ഉള്ളിൽ എത്ര ഉണ്ട് ? (യോഹ. 17: 12; ഫിലി. 1: 15 - 28)

**18b. പ്രാർത്ഥന : ഭിന്നതയുണ്ടാക്കുന്ന തിന്മകളാൽ അത്യാഗ്രഹത്തോടെ അസ്ഥാനത്ത് കൈയിട്ടിട്ട് തിരികെയെടുക്കാൻ പററാതെ അവിടെ തന്നെ മുറുക്കപ്പെട്ട് ബന്ധിക്കപ്പെട്ടതുമൂലം സ്നേഹം തണുത്തുപോയതിൽ ക്ഷമിക്കണമേ. (മർക്കടൻ = കുരങ്ങിന്റെ സ്വഭാവം)**
ചോദ്യം : എന്നിലെ ദൈവത്തെ ഉറക്കുന്ന **ശാഠ്യവും, മർക്കടമുഷ്ടിയും** എത്രശതമാനം ഉണ്ട് ? (ഇയ്യോ. 8: 5 - 8; മർക്കൊ. 4: 36 - 38)

**19. പ്രാർത്ഥന : വചനത്തെ തള്ളിക്കളഞ്ഞ എന്റെ ദുഷ്ടത ക്ഷമിക്കണമെ.**
ചോദ്യം : **വാക്കുകുടുക്കി** എന്നിൽ എത്ര ഉണ്ട് ? (സങ്കീ. 106; 33; 22)

**20. പ്രാർത്ഥന : സ്നേഹക്കുറവിൽ അഹങ്കരിച്ച് കൃപകൾക്ക് തടസ്സം വരുത്തിയ പാപം ക്ഷമിക്കണമെ.**
ചോദ്യം : മാറേണ്ടതായ അവിശ്വാസമുള്ള **ദുഷ്ടഹൃദയം** എനിക്ക് എത്ര ഉണ്ട്? (എബ്രാ. 3: 12)

**21. പ്രാർത്ഥന : ദൈവത്തിന്റെ കൃപകളെ നഷ്ടമാക്കുന്ന എന്നിലെ നിഗളത്തെ മാറ്റി താഴ്മ തരണമേ.**
ചോദ്യം : ദൈവത്തിന് ശത്രുത ഉണ്ടാക്കുന്ന എത്ര ശതമാനം **നിഗളം** എന്നിൽ ഉണ്ട് ? (കൃപാ മുടക്കികൾ) (യക്കോ. 4: 6)

**22. പ്രാർത്ഥന : സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ട ഏലിയാവിനു പോലും മറഞ്ഞിരിക്കുന്ന സത്യം ഉണ്ടായതുപോലെ എന്റെ അടിമനസ്സിൽ ദൈവം വെളിപ്പെടുത്തിത്തന്ന ബാലമനസ്സിലെ ഭോഷത്വം മാറ്റിതരണേ.**
ചോദ്യം : എനിക്ക് **ബാലമനസ്സിലെ ഭോഷത്വം** ഇനിയും മാറാനുള്ളത് എത്ര ശതമാനം ഉണ്ട് ? (സദൃ. 22: 15; 3: 6- 10; 1 രാജ. 19:18; റോമ. 11:3,4)

**23. പ്രാർത്ഥന : ഞാൻ താമസിക്കുന്ന ഭൂമിയിലെ എന്റെ വസ്തുവകകളിലും എന്നിലും അവകാശമുള്ള അന്യദേവന്മാരെ നീക്കിത്തരണമേ.**
ചോദ്യം : **കനാന്യ ശാപം** (വസ്ത്രം പോലെ പുറത്തും, വെള്ളം പോലെ ഉദരത്തിലും, എണ്ണപോലെ അസ്ഥിയിലും) എനിക്ക് എത്ര തീരാനുണ്ട് ? (ഉല്പ. 9; ആവ. 7; സങ്കീ. 109: 18)

**ബന്ധനങ്ങൾ**

സാത്താന്റെ പള്ളിക്കാർ എന്നെയും കാരാഗ്രഹത്തിലാക്കിയിരിക്കുന്നു. (വെളി. 2: 9, 10)

**24a.** പ്രാർത്ഥന : **എന്റെ ബന്ധനങ്ങൾ ഭാഗ്യകരമാക്കുവാൻ എന്നെ ദൈവത്തിന്റെ പദ്ധതികൾക്കു സമർപ്പിക്കുന്നു. ഊശാന പെരുന്നാളിനു കെട്ടപ്പെട്ട കഴുതയെ, അഴിച്ചുപയോഗിച്ചതുപോലെ ആരാധനയിൽ എന്റെ ബന്ധനം അഴിച്ചു, എന്നെ വാഹനമാക്കണമെ.**

ചോദ്യം : പരിഹാസത്താൽ മുറുകുന്ന സ്വയബന്ധനങ്ങൾ എനിക്ക് എത്രഉണ്ട് ? (യെശ. 28: 22; സങ്കീ. 1; 116: 16; 142: 7)

**24b.** പ്രാർത്ഥന : **സാത്താന്റെ പള്ളിക്കാർ ഉണ്ടാക്കിയ തടവിൽ നിന്നും എന്നെ മോചിപ്പിക്കണമേ.**

ചോദ്യം : അസൂയക്കാർ തന്ന പരബന്ധനങ്ങൾ എത്ര ? (വെളി. 2 : 9, 10)

**25a.** പ്രാർത്ഥന : **യേശുവിനെപോലെയാകാൻ വിളിക്കപ്പെട്ട ഞാൻ, കർത്താവിന്റെ അസ്ഥിയും മാംസവുമായി ഒന്നാകാൻ വളർന്നില്ല, ക്ഷമിക്കണമെ.**

ചോദ്യം : ഹേരോദാവിന്റെ മരണം കഴിഞ്ഞ് ഗലീലയിൽ യേശു മാറിതാമസിച്ചതുപോലെ ഞാൻ ശ്രദ്ധിച്ച് യേശുവിനെ വളർത്തിയില്ല. എന്നിൽ വളരുന്ന യേശുവിന് ഭീഷണിയായി അർക്കെലിയോസൻമാർ എത്ര ഉണ്ട് ? (മത്താ. 2: 12, 14, 22, 23)

**25b.** പ്രാർത്ഥന : **എന്നെ ദൂഷണം പറഞ്ഞ് പീഡിപ്പിച്ച്, കാരാഗ്രഹത്തിലാക്കി ക്രൂശിക്കുവാൻ ദൈവം അനുവദിച്ചവരെ ഓർത്ത് നന്ദി പറയുന്നു.**

ചോദ്യം : യേശുവിനെ ദുഷിച്ച് കുരിശിച്ചതുപോലെ എന്നെ ദൂഷണം പറഞ്ഞ് പീഡിപ്പിച്ച് കാരാഗ്രഹത്തിൽ ആക്കാൻ ദൈവം അനുവദിച്ചവർ എത്ര ? (ലൂക്കൊ. 23: 17; വെളി. 2: 9, 10)

**ആത്മീയമനുഷ്യൻ**

**25c.** പ്രാർത്ഥന : **ആത്മീയമനുഷ്യന്റെ പുരോഗതിയ്ക്കു സഹായിക്കണമെ.**

ചോദ്യം : എന്റെ ആത്മീയ പുരോഗതിക്ക് തടസ്സമായി സർവ്വമുടക്കികൾ ആകെ എത്ര ഉണ്ട് ? (1 തെസ്സ. 5: 1 - 28)

**25d.** പ്രാർത്ഥന : **എന്റെ സഹപ്രവർത്തകരിൽ അനർത്ഥദിവസത്തേക്കുള്ള യൂദാമാരെ പ്രയോജനപ്പെടുത്തി ദൈവപദ്ധതി പൂർത്തീകരിക്കാൻ സഹായിക്കണമേ.**

ചോദ്യം : എന്റെ സഹപ്രവർത്തകരിൽ ഇന്ന് എത്ര യൂദാമാരുണ്ട് ? (യേശുവിനെ ഒററികൊടുത്ത ഇസ്കര്യോത്താ യൂദാ) (മത്താ. 10: 4; യോഹ. 6:70; സദൃ. 16: 4)

**25e.** പ്രാർത്ഥന : **സാത്താൻ പള്ളിക്കാരെയും തക്കത്തിൽ ദൈവപദ്ധതിയ്ക്കു പ്രയോജനപ്പെടുത്താൻ സഹായിക്കണമേ.**

ചോദ്യം : കിട്ടിയ, **സാത്താൻപള്ളിക്കാരെ** ദൈവ പദ്ധതിയ്ക്ക് ഞാൻ പ്രയോജനപ്പെടുത്തിയത് എത്ര ശതമാനം ? (യോഹ. 13: 26 - 30; വെളി. 2: 9, 10)

**25f.** പ്രാർത്ഥന : **എനിക്ക് തന്ന യൂദാമാരെ സഹിച്ചും വഹിച്ചും അവർക്ക് ചെയ്യാനുള്ളത് വേഗത്തിൽ ചെയ്യിപ്പിക്കാൻ എനിക്ക് മനസ്സ് തരണമേ.**

ചോദ്യം : സഹിച്ചു വഹിക്കേണ്ട യൂദാമാരുടെ കാലം എത്ര ശതമാനം കഴിഞ്ഞു ? അവർ ചെയ്യാനുള്ളതു വേഗത്തിൽ ചെയ്യാൻ അനുവദിച്ചോ ? (യോഹ. 13: 27)

***മുദ്രയുടെ നിലവാരം***

“അവനോടു യഹോവ: നീ നഗരത്തിന്റെ നടുവിൽ, യെരുശലേമിന്റെ നടുവിൽകൂടി ചെന്നു, അതിൽ **നടക്കുന്ന സകലമ്ലേച്ഛതകളും നിമിത്തം നെടുവീർപ്പിട്ടു കരയുന്ന പുരുഷന്മാരുടെ നെറ്റിയിൽ ഒരു അടയാളം ഇടുക** എന്നു കല്പിച്ചു...നിങ്ങൾ അവന്റെ പിന്നാലെ നഗരത്തിൽകൂടി **ചെന്നു വെട്ടുവീൻ !** നിങ്ങളുടെ കണ്ണിന് ആദരവു തോന്നരുത്; നിങ്ങൾ കരുണകാണിക്കയുമരുത്...എന്നാൽ **അടയാളമുള്ള ഒരുവനെയും തൊടരുത്**.”(യെഹെ. 9: 4 - 6)

“നിന്റെ ദൈവവും യിസ്രായേലിന്റെ പരിശുദ്ധനുമായ യഹോവ എന്ന ഞാൻ നിന്റെ രക്ഷകൻ; നിന്റെ മറുവിലയായി ഞാൻ മിസ്രയീമിനെയും നിനക്കു പകരമായി കൂശിനെയും സെബയെയും കൊടുത്തിരിക്കുന്നു.” (യെശ. 43: 3). എനിക്കു പകരം മരിച്ച യേശുകർത്താവിനു നന്ദി. എനിക്കു പകരം വെട്ടു കൊണ്ടു മരിച്ച പകരക്കാരെ ഓർത്തും ദുഃഖിക്കുന്നു. (മത്താ. 2 :16,17) (ഉണ്ണി യേശുവിനുവേണ്ടി പകരമായി കൊല്ലപ്പെട്ട ശിശുക്കളെ പോലെ വീണ്ടെടുപ്പിന് യേശുവിന്റെ രക്തത്തോടൊപ്പം മറ്റുജീവികളുടെ ആവശ്യം) (യെശ. 43: 1 - 3; മർക്കൊ. 5: 13)

**26.** പ്രാർത്ഥന : **മാമോദീസായിൽ (സ്നാനത്തിൽ) എനിക്കു കിട്ടിയ മുദ്രയ്ക്കു നന്ദി.**

ചോദ്യം : ദോഷത്തെ വെറുത്തു കരയുമ്പോൾ, നെറ്റിയിൽ കിട്ടിയ മുദ്ര എത്രശതമാനം എനിക്ക് വളർന്നു? (വെളി. 7; യെഹെ. 9; ഗലാ. 2: 20; എഫെ. 4: 11, 13)

കുഞ്ഞാടിന്റെ കല്യാണത്തിനു പോകാനാഗ്രഹിക്കുന്ന എന്നെ ഒരുക്കുവാൻ സഹായിക്കുന്ന സ്വയപരിശോധന സഹായി പുസ്തകത്തിലെ എല്ലാ ചോദ്യങ്ങൾക്കും മറുപടി കിട്ടാൻ എന്നെ സഹായിക്കേണമെ. എന്റെ നെറ്റിയിൽ ഇട്ടിരിക്കുന്ന മുദ്ര പൂർണ്ണ ചന്ദ്രനെപ്പോലെ ശോഭിക്കുന്നതുവരെ, എന്റെ പ്രാർത്ഥനയും, ധ്യാനവും, ശുദ്ധീകരണവും, ശക്തീകരണവും രാവും പകലും തുടരുന്ന ന്യായപ്രമാണത്തിലുള്ള സന്തോഷം തരണമെ. അങ്ങനെ ദൈവത്തിന്റെ ന്യായപ്രമാണത്തിൽ പ്രിയമുള്ളവർക്കു വാഗ്ദത്തം ചെയ്യപ്പെട്ട മഹാസമാധാനമായ യേശുക്രിസ്തുവിനെ തന്നെ എന്റെ സ്വന്തമാക്കാൻ കൃപതരണമെ. (സങ്കീ. 119: 165; എഫെ. 2: 14)

പി. എൻ. പോൾ റമ്പാൻ

സങ്കേതഭവൻ, നന്നുവക്കാട്,

ജീസസ് റോഡ്, പത്തനംതിട്ട,

കേരളം, ഇൻഡ്യാ

PIN – 689645

**Websites : www.sankethabhavan.com**

**www.sankethabhavan.org**

**www.sankethabhavan.tv**

Phone : ++ 91 468 2229595

Mobile: ++ 91 9447278727

# സ്വയനിലവാരമൂല്യനിർണ്ണയവിവേചനസഹായി

| ചോദ്യം നമ്പർ | ചോദ്യം | നിലവാരം | A | B ഇന്ന് | B ഭാവി | C | D | E | F | G |
|---|---|---|---|---|---|---|---|---|---|---|
| 1 | ഇന്ന്, എന്റെ വചനകേൾവി പ്രയോജനപ്പെടുവാനുള്ള ശ്രദ്ധയും, ഒരുക്കവും, ഭക്തിയും എത്ര ശതമാനം ആയിട്ടുണ്ട് ? (സദൃ. 8: 13) | സ്വയം | | | | | | | 0 - 66 % | 1,00,000 |
| | | അഭിഷേകം | | | | | | | | |
| 2 | എന്റെ ഹൃദയത്തിലെ മുള്ളുകളുടെ ഇടയിൽ ഉണ്ടായ എന്റെ വചനകേൾവി എത്ര ശതമാനം വിശ്വാസമായി പരിണമിച്ചു ? (മർക്കൊ. 4: 7, 18 ,19; എബ്രാ. 4: 2) | സ്വയം | | | | | | | 0 - 66 % | 1,40,000 |
| | | അഭിഷേകം | | | | | | | | |
| 3 | എന്നിൽ വിശ്വാസം കടുകുമണിപോലെ ഉറച്ചത് എത്ര ശതമാനം? (അ. പ്ര. 13: 8 - 46; റോമ. 11: 28; മത്താ. 17: 20- 21) | സ്വയം | | | | | | | 0 - 64 % | 1,40,000 |
| | | അഭിഷേകം | | | | | | | | |
| 4a. | എന്റെ **വചന പഠനം** എത്ര ശതമാനം ആയി ? (2 തെസ്സ. 2: 15, 3: 6; യെശ. 34: 16; 2 തിമോ. 3: 14 - 16) | സ്വയം | | | | | | | 0 - 70 % | 1,40,000 |
| | | അഭിഷേകം | | | | | | | | |
| 4b. | **വചനം അശ്രദ്ധയോടെ**, സ്വാർത്ഥതാല്പര്യത്തിൽ പ്രയോഗിച്ച് ആഭിചാര ദോഷമുണ്ടായത് എത്ര ശതമാനം? (1 ശമൂ. 15: 1 - 23) | സ്വയം | | [redacted] | [redacted] | | | | 18-100% | 1,60,000 |
| | | അഭിഷേകം | | [redacted] | [redacted] | | | | | |
| 4c. | വചനം പഠിപ്പിച്ചവർക്ക് എല്ലാ നന്മയിലും ഓഹരികൊടുക്കാതിരുന്നതിന്റെ വ്യവഹാരം എത്രയുണ്ട് ? (ഗലാ. 6: 6; സങ്കീ. 119: 153 - 165) | സ്വയം | | [redacted] | [redacted] | | | | 34 - 100% | 1,00,000 |
| | | അഭിഷേകം | | [redacted] | [redacted] | | | | | |
| 5. | വചനമാകുന്ന പാലുകുടിച്ച്, എന്റെ പ്രാണന്റെ പാലുകുടി മാറിയോ?(എബ്രാ. 12 : 1; സങ്കീ. 131: 2; ഫിലി.2:16; 3:4) | സ്വയം | | | | | | | 6 - 80 % | 90,000 |
| | | അഭിഷേകം | | | | | | | | |
| 6a. | ന്യായപ്രമാണത്തിൽ പ്രിയമില്ലാതെ, ദുഷ്ടന്റെ | സ്വയം | | [redacted] | [redacted] | | | | 14 -100 % | 1,20,000 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | ആലോചനയാൽ പിതാവിൽ നിന്ന് എന്നെ അകറ്റുന്ന ധൂർത്ത പുത്രന്റെ **മിത്ഥ്യാബോധം** എന്നിൽ എത്ര ശതമാനമുണ്ട്? (ലൂക്കൊ. 15: 1 - 24) | അഭിഷേകം | | | | | | | | |
| 6b. | ആത്മ സന്തോഷം വിളയിക്കുന്നതിനു **തടസ്സമായ കളകൾ** എത്ര ശതമാനം ഹൃദയത്തിൽ നിന്നും പോകാനുണ്ട് ? (ഗലാ. 5: 17 - 21; 1 കൊരി. 3: 9) | സ്വയം | | | | | | | 6 - 94 % | |
| | | അഭിഷേകം | | | | | | | | |
| 6c. | കൊയ്ത്തോളം **വളരേണ്ട കളകൾ** എത്ര ശതമാനം ഉണ്ട് ? (മത്താ. 13: 30) | സ്വയം | | | | | | | 1 - 40 % | |
| | | അഭിഷേകം | | | | | | | | |
| 7a. | **യൗവനത്തിൽ മോശയെപ്പോലെ** കോപത്താൽ മരിച്ച പ്രാണക്കുട്ടികൾ എത്ര ശതമാനം? (പുറ. 2: 12; മത്താ. 5: 22) | സ്വയം | | | | | | | 6 - 88 % | |
| | | അഭിഷേകം | | | | | | | | |
| 7b. | എന്റെ വാർദ്ധക്യത്തിൽ കോപത്താൽ കനാൻ ദേശത്ത് കയറാതെ മരിച്ച പ്രാണക്കുട്ടികൾ എത്ര ? (സംഖ്യാ. 20: 12, 13; സങ്കീ. 106: 32; ആവ. 32) | സ്വയം | | | | | | | 10 - 30 % | |
| | | അഭിഷേകം | | | | | | | | |
| 7c. | ദൈവത്തിന്റെ ദാനങ്ങൾക്ക് നന്ദികാണിക്കാതെ കിട്ടിയ **പ്രാണക്ഷയം** എത്ര ശതമാനം എനിക്കുണ്ട് ? (സങ്കീ. 106: 15). | സ്വയം | | | | | | | 7 - 100 % | 90,000 |
| | | അഭിഷേകം | | | | | | | | |
| 7d. | എന്റെ പ്രാണൻ യേശുവിൽ കയറി മറഞ്ഞത് എത്ര ശത മാനം? (കൊലൊ. 3: 1 - 4) | സ്വയം | | | | | | | 1-100% | |
| | | അഭിഷേകം | | | | | | | | |
| 7e. | എന്നിൽ ജനിച്ച യേശുവിനു ഭീഷണിയായി എത്ര ഹേരോദാമാർ ജീവിക്കുന്നു ? (മത്താ. 2 : 13 - 14) | സ്വയം | | | | | | | | |
| | | അഭിഷേകം | | | | | | | | |
| 8. | പരിശുദ്ധാത്മാവിനെ കാണാൻ കഴിയാത്ത എന്റെ ഉള്ളിലെ | സ്വയം | | | | | | | | |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | ലോകവും, സാദുകൃമനസ്സും, ദുഷ്ടമനസ്സാക്ഷിയും, മിത്ഥ്യാബോധവുമുള്ള എന്നിലെ പ്രാകൃതമനുഷ്യന്റെ നിലവാരം എന്താണ് ? (1 കൊരി. 2: 14) | അഭിഷേകം | | | | | | | | |
| 9. | ദൈവരാജ്യത്തെ ഞെരുക്കുന്ന (പരിശുദ്ധാത്മാവിനെ കാണാൻ കഴിയാത്ത) **എന്നിലെ ലോകം** എത്ര ശതമാനം പോകാൻ ഉണ്ട് ? (യോഹ. 14: 17; 1 യോഹ. 2: 15) | സ്വയം | | | | | | | 16 - 100% | 1,40,000 |
| | | അഭിഷേകം | | | | | | | | |
| 10. | കപടഭക്തിയുടെ പരീശമനോഭാവം എന്നിൽ എത്ര ഉണ്ട് ? (മത്താ. 23: 23) | സ്വയം | | | | | | | 13 - 100% | 90,000 |
| | | അഭിഷേകം | | | | | | | | |
| 11. | എന്നിലെ ജഡീകമനുഷ്യന്റെ നിലവാരം? (സദൃ. 22:15; റോമ. 8 : 7) | സ്വയം | | | | | | | 13-100 % | 90,000 |
| | | അഭിഷേകം | | | | | | | | |
| 12. | കീഴ്പ്പെടാൻ കഴിയാത്ത ബാലമനസ്സിൽ പറ്റിയിരിക്കുന്ന ഭോഷത്വം എനിക്ക് എത്ര ശതമാനമുണ്ട് ? (റോമ. 8: 7) | സ്വയം | | | | | | | 11- 100% | 1,00,000 |
| | | അഭിഷേകം | | | | | | | | |
| 13a. | എന്നിൽ **രക്ഷാമുടക്കികൾ** ആയി എത്ര തിന്മയുടെ ശക്തികൾ പ്രവർത്തിക്കുന്നു ? എന്റെ രക്ഷാപൂർത്തി എത്ര ശതമാനമായിരിക്കുന്നു ? (2 കൊരി 11: 3; എബ്രാ. 11: 40) | സ്വയം | | | | | | | 5-18% | 90,000 |
| | | അഭിഷേകം | | | | | | | | |
| 13b. | ഭൂമിയിൽവച്ച് സൽഗുണപൂർണ്ണരാകാൻ ശ്രമിച്ച പൂർവ്വീകരുടെ രക്ഷാപൂർത്തി എത്ര ശതമാനമായി ? (എബ്രാ. 11: 40 - 12:13; ഫിലി. 2: 12) | സ്വയം | | | | | | | 1-89% | |
| | | അഭിഷേകം | | | | | | | | |
| 14a. | എന്റെ വിശ്വാസത്താൽ എന്റെ **കുടുംബത്തിൽ രക്ഷപെടുന്നവർ** എത്ര പേർ ? (അ. പ്ര 16: 31; യോഹ. 17: 12) | സ്വയം | | | | | | | | |
| | | അഭിഷേകം | | | | | | | | |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 14b. | നാലുവഴികളിൽ, എന്റെ കുടുംബത്തിൽ പാപം ചെയ്തു മരിച്ച യൂദാമാർ എത്ര ? (റോമ. 3: 23; സങ്കീ. 79; യോഹ. 17: 12) | സ്വയം | | | | | | | | |
| | | അഭിഷേകം | | | | | | | | |
| 14c. | ഭയത്തോടും വിറയലോടും രക്ഷക്കായി ഞാൻ പ്രവർത്തിച്ചത് എത്രശതമാനമായി ? (ഫിലി. 2:12) | സ്വയം | | | | | | | 33-100% | 1,60,000 |
| | | അഭിഷേകം | | | | | | | | |
| 15a. | എന്റെ കുടുംബത്തിൽ എന്നെ സഹായിക്കാൻ പറുദീ സായിൽ എത്ര വിശുദ്ധ ന്മാരുണ്ട് ? (വെളി. 19: 9) | സ്വയം | | | | | | | | |
| | | അഭിഷേകം | | | | | | | | |
| 15b. | പൂർവ്വികരുടെ ദുരാത്മാക്കൾക്ക് ഒളിപ്പിടമുണ്ടാക്കിയ അനുസരണക്കേടും, അശുദ്ധിയും എന്നിൽ എത്ര ശതമാനം? (മർക്കൊ. 5: 8; മത്താ. 10: 8) | സ്വയം | | | | | | | 9-100% | 90,000 |
| | | അഭിഷേകം | | | | | | | | |
| 16. | അശുദ്ധ പൂർവ്വികരുടെ ശാപബന്ധനങ്ങൾ എത്ര ഉണ്ട് ? (പുറ. 20; സങ്കീ. 79; യെഹെ. 18) | സ്വയം | | | | | | | 11-100% | 1,60,000 |
| | | അഭിഷേകം | | | | | | | | |
| 17. | യേശുവിന്റെ വചനം കേട്ടിട്ടും, വാടിയ മുഖ ത്തോടെ മന്ദബുദ്ധിയിൽ എമ്മവുസിലേക്ക് പോയ ശിഷ്യന്മാരുടെ അവസ്ഥ : **ആത്മിയ പ്രമേഹം** എനിക്ക് എത്ര ഉണ്ട് ? (ലൂക്കൊ. 24: 15; എബ്രാ. 4: 3; സങ്കീ. 1: 1 - 3) | സ്വയം | | | | | | | 12-100% | 1,00,000 |
| | | അഭിഷേകം | | | | | | | | |
| 18a. | നാശയോഗ്യമായ ജഡബോധം എന്റെ ഉള്ളിൽ എത്ര ഉണ്ട് ? (യോഹ. 17: 12; ഫിലി. 1: 15 - 28) | സ്വയം | | | | | | | 13-100% | 1,30,000 |
| | | അഭിഷേകം | | | | | | | | |
| 18b. | എന്നിലെ ദൈവത്തെ ഉറക്കുന്ന **ശാഠ്യവും, മർക്കടമുഷ്ടിയും** എത്ര ശതമാനം ഉണ്ട് ? (ഇയ്യോ. 8: 5 - 8; മർക്കൊ. 4: 36 - 38) | സ്വയം | | | | | | | 14-97% | |
| | | അഭിഷേകം | | | | | | | | |
| 19. | **വാക്കുകുടുക്കി** എന്നിൽ എത്ര ഉണ്ട് ? (സങ്കീ. 106; 33; 22) | സ്വയം | | | | | | | 4-19% | |
| | | അ | | | | | | | | |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | ഭിഷേകം | | [redacted] | [redacted] | | | | | |
| 20. | മാറേണ്ടതായ അവിശ്വാസമുള്ള **ദുഷ്ടഹൃദയം** എനിക്ക് എത്ര ഉണ്ട്? (എബ്രാ. 3: 12) | സ്വയം | | [redacted] | [redacted] | | | | 9-100% | 90,000 |
| | | അഭിഷേകം | | [redacted] | [redacted] | | | | | |
| 21. | ദൈവത്തിന് ശത്രുത ഉണ്ടാക്കുന്ന എത്ര ശതമാനം **നിഗളം** എന്നിൽ ഉണ്ട് ? (യക്കോ. 4: 6) | സ്വയം | | [redacted] | [redacted] | | | | 7-100% | 1,40,000 |
| | | അഭിഷേകം | | [redacted] | [redacted] | | | | | |
| 22. | എനിക്ക് **ബാലമനസ്സിലെ ഭോഷത്വം** ഇനിയും മാറാനുള്ളത് എത്ര ശതമാനം ഉണ്ട് ? (സദൃ. 22: 15; 3: 6- 10; 1 രാജ. 19:18; റോമ. 11:3,4) | സ്വയം | | [redacted] | [redacted] | | | | 8-100% | 1,00,000 |
| | | അഭിഷേകം | | [redacted] | [redacted] | | | | | |
| 23. | **കനാന്യ ശാപം** (വസ്ത്രം പോലെ പുറത്തും, വെള്ളം പോലെ ഉദര ത്തിലും, എണ്ണപോലെ അസ്ഥിയിലും)എനിക്ക് എത്ര തീരാനുണ്ട് ? (ഉല്പ. 9; ആവ. 7; സങ്കീ. 109: 18) | സ്വയം | | [redacted] | [redacted] | | | | 66-100% | 1,60,000 |
| | | അഭിഷേകം | | [redacted] | [redacted] | | | | | |
| 24a. | പരിഹാസത്താൽ മുറുകുന്ന സ്വയ ബന്ധനങ്ങൾ എനിക്ക് എത്ര ഉണ്ട് ? (യെശ. 28: 22; സങ്കീ. 1; 116: 16; 142: 7) | സ്വയം | | [redacted] | [redacted] | | | | 5-40% | 1,40,000 |
| | | അഭിഷേകം | | [redacted] | [redacted] | | | | | |
| 24b. | അസൂയക്കാർ തന്ന പരബന്ധനങ്ങൾ എത്ര ? (വെളി. 2 : 9, 10) | സ്വയം | | [redacted] | [redacted] | | | | | |
| | | അഭിഷേകം | | [redacted] | [redacted] | | | | | |
| 25a. | ഹേരോദാവിന്റെ മരണം കഴിഞ്ഞ് ഗലീലയിൽ യേശു മാറിതാമസിച്ചതുപോലെ ഞാൻ ശ്രദ്ധിച്ച് യേശുവിനെ വളർത്തിയില്ല. എന്നിൽ വളരുന്ന യേശുവിന് ഭീഷണിയായി അർക്കെലിയോസൻമാർ എത്ര ഉണ്ട് ? (മത്താ. 2: 12, 14, 22, 23) | സ്വയം | | | | | | | | |
| | | അഭിഷേകം | | | | | | | | |
| 25b. | യേശുവിനെ ദുഷിച്ച് കുരിശിച്ചതുപോലെ എന്നെ ദൂഷണം പറഞ്ഞ് | സ്വയം | | | | | | | | |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | പീഡിപ്പിച്ച് കാരാഗ്രഹത്തിൽ ആക്കാൻ ദൈവം അനുവദിച്ചവർ എത്ര ? (ലൂക്കൊ. 23: 17; വെളി. 2: 9, 10) | | | | | | | | | |
| | | അഭിഷേകം | | | | | | | | |
| 25c. | എന്റെ ആത്മീയ പുരോഗതിക്ക് തടസ്സമായി സർവ്വമുടക്കികൾആകെ എത്ര ഉണ്ട് ? (1 തെസ്സ. 5: 1 - 28) | സ്വയം | | | | | | | | |
| | | അഭിഷേകം | | | | | | | | |
| 25d. | എന്റെ സഹപ്രവർത്തകരിൽ ഇന്ന് എത്ര യൂദാമാരുണ്ട് ? (യേശുവിനെ ഒററികൊടുത്ത ഇസ്കര്യോത്താ യൂദാ) (മത്താ. 10: 4; യോഹ. 6:70; സദൃ. 16: 4) | സ്വയം | | | | | | | | |
| | | അഭിഷേകം | | | | | | | | |
| 25e. | കിട്ടിയ, **സാത്താൻ പള്ളിക്കാരെ** ദൈവ പദ്ധതിയ്ക്ക് ഞാൻ പ്രയോജനപ്പെടുത്തിയത് എത്ര ശതമാനം ? (യോഹ. 13: 26 - 30; വെളി. 2: 9, 10) | സ്വയം | | | | | | | 0-30% | |
| | | അഭിഷേകം | | | | | | | | |
| 25f. | സഹിച്ചു വഹിക്കേണ്ട യൂദാമാരുടെ കാലം എത്ര ശതമാനം കഴിഞ്ഞു ? (യോഹ. 13: 27) | സ്വയം | | | | | | | | |
| | | അഭിഷേകം | | | | | | | | |
| 26. | ദോഷത്തെ വെറുത്തു കരയുമ്പോൾ, നെറ്റിയിൽ കിട്ടിയ മുദ്ര എത്ര ശതമാനം എനിക്ക് വളർന്നു? (വെളി. 7; യെഹെ. 9; ഗലാ. 2: 20; എഫെ. 4: 11, 13) | സ്വയം | | | | | | | 0-84% | 1,00,000 |
| | | അഭിഷേകം | | | | | | | | |

**സ്വയം** = സ്വയവിവേചന പ്രഥമ നിലവാരഫലം **അഭിഷേകം** = അഭിഷേകത്തിന്റെ തിരുത്തൽ കുറിപ്പ്

മേൽപറഞ്ഞവയിൽ പെടാത്തവ

നിലവാരം ആവശ്യമില്ലാത്തവ

**A-സ്വയനിലവാരം, B-മുടക്കികൾ, C-താങ്ങികൾ, D-ഉപതാങ്ങികൾ,**
**E-കാത്തിരിക്കേണ്ടസമയം, F-പൊതുനിലവാരം, G-പകരം കിട്ടിയത്**

**A. സ്വയനിലവാരം :**
സ്വയനിലവാരം വിവേചിച്ചറിയാൻ ആഗ്രഹിക്കുന്ന ഒരു വിശ്വാസി, വചനം വായിച്ചപ്പോൾ പരിശുദ്ധാത്മാവ് തന്ന കുറ്റബോധത്തിൽനിന്നുണ്ടായ സ്വയന്യായവിധിയാൽ, ദൈവത്തിന്റെ ന്യായവിധിയിൽ നിന്ന് ഒഴിവാക്കപ്പെടുന്നു, (1 കൊരി. 11 : 31, 32) സ്വയനിലവാരം ശതമാനമായോ, എണ്ണമായോ രേഖപ്പെടുത്താൻ വരയിട്ടുവേർതിരിച്ച കളങ്ങൾ ഉപയോഗിക്കാം.

**B. മുടക്കികൾ :**
നന്മയെ മുടക്കുന്ന തിന്മയ്ക്കു മുടക്കികൾ. വിശ്വാസിയുടെ ധർമ്മങ്ങൾ ചെയ്യുവാൻ തടസ്സങ്ങൾ ഉണ്ടാക്കുന്ന പലവിധത്തിലുള്ള അധർമ്മമൂർത്തിയുടെ പ്രതിബന്ധങ്ങൾ, സീയോൻ യാത്രയ്ക്ക് തടയിടുന്ന അദൃശ്യമായ മതിലുകളായിത്തീരുന്നുണ്ട്. ദൈവസ്നേഹം പൂർണ്ണമാകുമ്പോൾ, മാൻ പേടകളെ പോലെ ബലപ്പെടുന്ന പ്രാണക്കുട്ടികൾ, മുടക്കികളുടെ മതിൽ ചാടിക്കടക്കും. ഇന്നത്തെയും ഭാവിമുടക്കികളെ കണ്ടെത്താൻ **അന്വേഷണപ്രാർത്ഥന** ഉതകും. (സങ്കീ. 18: 22 - 33; 2 തെസ്സ. 2: 1 - 17; ലൂക്കൊ. 11: 10)

**C. താങ്ങികൾ:**
തിന്മയ്ക്ക് കൂട്ടുനിൽക്കുന്ന ഏതൊരു ശക്തിയും താങ്ങികൾ. വൻകിട അധർമ്മ മൂർത്തികൾ ലോകത്തിന്റെ പ്രഭുവിനെ പിൻതാങ്ങുന്നു. (യോഹ. 14: 30)

**D. ഉപതാങ്ങികൾ:**
വൻകിട, ചെറുകിട, തിരികിട, തരികിട എന്ന തിന്മകളേയും വിവേചിച്ചറിയുവാൻ വിവേചനപ്രാർത്ഥനയ്ക്കുള്ള കൃപാവരം സഹായിക്കും. (1 തെസ്സ. 5: 21, 22). വലിയ തിന്മപെട്ട പൈശാചിക ശക്തികളെ താങ്ങുന്ന ചെറിയ ശക്തികൾ, ജീവികളിൽകൂടെയും അവിശ്വാസികളിൽകൂടെയും, താങ്ങികളും, ഉപതാങ്ങികളുമായി സംഘംചേർന്ന് യുദ്ധം ചെയ്യുന്ന ആത്മീയയുദ്ധകളത്തിന്റെ രഹസ്യ നിലവാരങ്ങളാണിത്. (എഫെ. 6: 10 - 20).

**E. കാത്തിരിക്കേണ്ടസമയം :**
ദൈവത്തിന്റെ വാഗ്ദത്തങ്ങൾ പ്രാപിയ്ക്കാൻ കാത്തിരിക്കുമ്പോൾ വിശ്വാസത്തോടു കൂടിയ പ്രതികരണങ്ങൾ, പ്രാർത്ഥനകളായി, പ്രവർത്തനങ്ങളായി തീരത്തക്കവണ്ണം, വചനങ്ങൾ മുറുകെപിടിക്കുന്നത്, എല്ലാവരും ഒരു പോലെയല്ലാത്തതുകൊണ്ട് മനുഷ്യസ്വാതന്ത്ര്യ ദുർവിനിയോഗത്തിനു പ്രേരിപ്പിക്കുന്ന സ്വയവും ജഡവും ദൈവ വാഗ്ദത്തങ്ങൾ പ്രാപിക്കാൻ കാലതാമസം വരുത്തുന്നു. (1 കൊരി. 15: 1-3; റോമ. 8: 5-11; സങ്കീ. 40: 1 - 5)

**F. പൊതുനിലവാരം**

ഇപ്രകാരം വചനം വായിച്ച് പരിശുദ്ധാത്മാവ് തന്ന കുററബോധത്തിൽ നിന്നുണ്ടായ സ്വയന്യായവിധിയാൽ, സ്വയം നിലവാരം വിവേചിച്ചറിയാൻ ആഗ്രഹിക്കുന്ന എല്ലാ വിശ്വാസികളുടെ കൂടി മൊത്തത്തിലുള്ളത്. (2 തിമൊ. 3 : 16, 17)

**G. പകരം കിട്ടിയത് :**
യെശ. 43: 3, മർക്കൊ. 5: 1 - 20 മുതലുള്ള വാക്യങ്ങൾ പ്രകാരം യേശുവിന്റെ രക്തത്തോടൊപ്പം പകരം ജീവികളെ കിട്ടിയത്. യേശു എനിക്കു വേണ്ടി പകരം മരിച്ചതിനു നന്ദി. ലഗിയോൻ ബാധിച്ചവൻ സുബോധം പ്രാപിച്ചപ്പോൾ, പുറത്താക്കപ്പെട്ട തിന്മയുടെ ശക്തികൾ ചോദിച്ചുവാങ്ങിച്ച 2000 പന്നികളേപ്പോലെ എന്റെ സൗഖ്യത്തിന് കർത്താവു കരുതിയ പകരം ജീവികൾക്കായി നന്ദി രേഖപ്പെടുത്തുന്നു (സങ്കീ. 103).

ഇത്രയും പ്രാർത്ഥനകൾക്ക് മറുപടി തന്ന കർത്താവിനു നന്ദി.

**************************************************************************************